# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6091** **07.11.2016 ൽ മറുപടിയ്ക്ക്**

## കർഷക പെൻഷൻ വിതരണം

| ചോദ്യം<br>**ശ്രീ.ടി.എ.അഹമ്മദ് കബീർ** | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| എ) മുൻ സർക്കാർ നടപ്പാക്കിയ കർഷക പെൻഷൻ വിതരണം ചെയ്യുന്നതിന് നിലവിൽ കാലതാമസം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കമോ; | എ) ഉണ്ട്. മറ്റു ക്ഷേമ പെൻഷനുകളിൽ നിന്നു വ്യത്യസ്തമായി 2 ഹെക്ടർ ഭൂമിയും 60 വയസ്സ് പൂർത്തിയാവുകയും ചെയ്ത മുഴുവൻ കർഷകർക്കും ഖജനാവിൽ നിന്നും നേരിട്ടാണ് പെൻഷൻ നല്കി വരുന്നത്. ഈ ലിസ്റ്റിൽ അനർഹരായ നിരവധി ആളുകൾ കർഷകപെൻഷൻ വാങ്ങുന്നതായി ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച് പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയൊഴികെ മറ്റെല്ലാ ജില്ലകളിലും 2016 ഫെബ്രുവരി മുതൽ നവംബർ വരെ (ജൂൺ ഒഴികെ) ഒൻപതു മാസത്തെ കുടിശ്ശികയും തിരുവനന്തപുരം ജില്ലയിൽ 2015 ഡിസംബർ മുതൽ 2016 നവംബർ വരെ (ജൂൺ ഒഴികെ) പതിനൊന്നു മാസത്തെ കുടിശ്ശികയും നൽകാനുണ്ട്. |
| ബി) കർഷക പെൻഷൻ, കുടിശ്ശിക സഹിതം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2015 ആഗസ്റ്റ് മുതൽ കുടിശ്ശികയുണ്ടായിരുന്നതും അധികാരത്തിൽ വന്നശേഷം 2016 ജനവരി മാസം വരെയുള്ള പെൻഷൻ കുടിശ്ശികയായ 113.52 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമെ കർഷക പെൻഷൻ തുക 1000രൂപയായി വർദ്ധിപ്പിക്കുവാനുള്ള ഉത്തരവു നൽകുകയും 37.895കോടി രൂപ പെൻഷനായി വിതരണം ചെയ്തതുൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൊത്തം 151.415കോടി രൂപ പെൻഷൻ കുടിശ്ശികയായി വിതരണം ചെയ്തിട്ടുണ്ട്. അനർഹരായ വ്യക്തികളെ ഒഴിവാക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ തയ്യാറാക്കിയതിനുശേഷം കുടിശ്ശിക വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**